LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള പവർ ഹൗസുകൾ ഇൻഷ്വറൻസ് ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ഡീസൽ പവർ പ്ലാന്റിനും ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിനും നിലവിൽ സ്റ്റാന്റേർഡ് ഫയർ ആൻഡ് സ്പെഷ്യൽ ഇൻഷ്വറൻസ് പോളിസിയും പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് പോളിസിയും ഉണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 2019-ലെ പ്രളയത്തിൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതി ഉൾപ്പെടെ കെ.എസ്.ഇ.ബി.യുടെ നിരവധി ആസ്തി സൗകര്യങ്ങൾക്ക് തകരാറുകൾ സംഭവിക്കുകയും കേടുപാടുകൾ പരിഹരിക്കാൻ വലിയ തുക ചെലവിടേണ്ടി വരികയും ചെയ്തിട്ടും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

&

(സി) ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള എല്ലാ സുപ്രധാന ആസ്തി സൗകര്യങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള പവർ ഹൗസുകൾ ഇൻഷ്വറൻസ് ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ഡീസൽ പവർ പ്ലാന്റിനും ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിനും നിലവിൽ സ്റ്റാന്റേർഡ് ഫയർ ആൻഡ് സ്പെഷ്യൽ ഇൻഷ്വറൻസ് പോളിസിയും പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് പോളിസിയും ഉണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണം

199(213) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വിവിധ സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിലും മറ്റുമായി പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. കമ്പനിക്ക് കീഴിലുള്ള വിവിധ ഓഫീസുകൾ ഒരു കുടക്കീഴിൽ സ്ഥാപിക്കുന്നതിനായി മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ സെക്ഷൻ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് മൂന്ന് നിലകളിലായി 620.03 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിന് 1.60 കോടി രൂപയുടെ ഭരണാനുമതി 5-3-2019-ൽ കെ.എസ്.ഇ.ബി.എൽ.

നൽകിയിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ 2020 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. 2022 മാർച്ച് മാസത്തോടുകൂടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

'ദ്യുതി' പദ്ധതി

200(214) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന 'ദ്യുതി' പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ഊർജ്ജ കേരളാമിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയ KSEBL-ന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതിയാണ് " ദ്യുതി" . 2022-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാൻ നടപ്പിലാക്കുന്ന ദ്യുതി പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. എച്ച്.ടി. ശൃംഖലയുടെ എല്ലാഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക 2. Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക 3. പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക 4. ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷണലൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ ഇതുവരെ 1547.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ലോഡ് സെന്ററുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly